## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1712 — 06.07.2015-ൽ മറുപടിക്ക്

### പൗരാവകാശ രേഖ പ്രദർശിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സാജു പോൾ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എല്ലാ ഓഫീസിലും പൗരാവകാശ രേഖ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) എല്ലാ ഓഫീസിലും പൗരാവകാശ രേഖ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 01.07.2011, 10.08.2011, 23.09.2011 എന്നീ തീയതികളിലെ 9219/എ.ആർ.12(1)/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലറുകൾ പ്രകാരവും 27.02.2012-ലെ 16411/എ.ആർ.12(1)/2011/ഉ.ഭ.പ.വ. എന്ന സർക്കുലർ പ്രകാരവും പൗരാവകാശ രേഖ എഴുതി പ്രദർശിപ്പിക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും എല്ലാ സർക്കാർ ഓഫീസുകൾക്കും / സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയതിനു പുറമെ 26.06.2012-ലെ 4895/എ.ആർ.12(1)/2012/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം ഇനിയും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാനുള്ള സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ അടിയന്തിരമായി ഇക്കാര്യ |

| | |
|---|---|
| | ത്തിൽ നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ആയതിന്റെ സാധ്യത പരിശോധിക്കുമോ ? | (സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ